## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2195 — 8.12.2014 ൽ മറുപടിയ്ക്ക്

# കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ സിനിമാശാലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |

(എ) കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ സംസ്ഥാനത്ത് എത്ര സിനിമാശാലകൾ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ; കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഈ സിനിമാശാലകളിൽ നിന്നുള്ള വരുമാനം എത്ര വീതമെന്നും അറിയിക്കാമോ;

(എ) കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ സംസ്ഥാനത്ത് നിലവിൽ 12 സിനിമാശാലകൾ പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം സിനിമാശാലകളിൽ നിന്നു ലഭിച്ച വരുമാനം ചുവടെ കൊടുക്കുന്നു.

| നം. | തീയേറ്റർ | വരുമാനം |
|---|---|---|
| 1 | കലാഭവൻ, തിരുവനന്തപുരം | 61,89,195/- |
| 2 | ചിത്രാഞ്ജലി, ചേർത്തല | 38,30,979/- |
| 3 | ചിത്രാഞ്ജലി, ചിറ്റൂർ | 12,11,122/- |
| 4 | ചിത്രാഞ്ജലി, നോർത്ത് പറവൂർ | 36,13,997/- |
| 5 | കൈരളി/ശ്രീ, കോഴിക്കോട് | 1,82,59,487/- |
| 6 | കൈരളി/ശ്രീ, തൃശ്ശൂർ | 1,37,77,499/- |
| 7 | കൈരളി/ശ്രീ/നിള, തിരുവനന്തപുരം | 1,82,64,418/- |

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സിനിമാശാലകൾ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പാലക്കാട് ചിറ്റൂരിലുള്ള ചിത്രാഞ്ജലി തീയേറ്റർ ഒഴികെ ബാക്കി എല്ലാ തീയേറ്ററുകളും ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്.

| | |
|---|---|
| (സി) സിനിമാശാലകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് കെ.എസ്.എഫ്.ഡി.സി. നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (സി) കെ.എസ്.എഫ്.ഡി.സി.യുടെ തിരുവനന്തപുരത്തെ കൈരളി/ശ്രീ, കലാഭവൻ എന്നീ തീയേറ്ററുകൾ കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലെ കൈരളി/ശ്രീ തീയേറ്ററുകൾ ചേർത്തല ചിത്രാഞ്ജലി തീയേറ്റർ എന്നിവ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടെ നവീകരണം പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു. അടുത്ത പടിയായി നോർത്ത് പറവൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണം ഏപ്രിൽ മാസത്തോടെ ആരംഭിക്കുവാൻ കെ.എസ്.എഫ്.ഡി.സി. ഉദ്ദേശിക്കുന്നു. ആലപ്പുഴയിൽ രണ്ട് തീയേറ്ററുകൾ അടങ്ങിയ തീയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |
| (ഡി) കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ പുതിയ തീയറ്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ ആലപ്പുഴയിൽ ജനുവരിമാസത്തോടെ പുതിയ രണ്ട് തീയേറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്. അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീയേറ്റർ നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്ന ഇടങ്ങളിൽ പുതിയ തീയേറ്ററുകൾ പണിയുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി.യുടെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ